Page 1 of 1

10. Shri K. Avukkaderkutty Naha Haji
11. Shri M. Moideenkutty Haji
12. Shri R. S Unni
13. Shri J. A. Chacko
14. Shri N. Gamaliel and
15. the mover.

and the Committee to report before 26th July 1967.

The motion was put and carried.

### (ii) The Kerala Non-Agricultural Land Tax Bill, 1967.

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, ഈ ബില്ലിന്റെ ഇൻട്രഡക്ഷൻ രണ്ടു ദിവസത്തേയ്ക്കു് ഒന്നു മാററി വയ്ക്കണമെന്നു് ഞാൻ അങ്ങയോടു് അപേക്ഷിക്കുകയാണു്.

ശ്രീ. കെ. കരുണാകരൻ: സർ, ഒരു പായിന്റു് ആഫ് ആർഡർ. ബന്ധപ്പെട്ട മിനിസ്റ്റർ സഭയിൽ ഹാജരില്ലെങ്കിൽ ആ ബില്ല് പരിഗണനയ്ക്കെടുക്കാമോ ?

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ ബില്ല് ഞാനാണു് pilot ചെയ്യേണ്ടതു്. അതുകൊണ്ടാണു് ഈ ബില്ല് ഇൻട്രഡ്യൂസ് ചെയ്യുന്നതിനുള്ള സമയം നീട്ടിത്തരണമെന്നു് അപേക്ഷിച്ചതു്.

**Mr. Speaker:** Even otherwise any other Minister can move. There is no objection.

### (iii) The Madras Hindu Religious and Charitable Endowments (Amendment) Bill, 1967

*Minister for Irrigation and Co-operation* (**Shri P. Ramunni Kurup**): Sir, I introduce the Madras Hindu Religious and Charitable Endowments (Amendment) Bill, 1967.

**Mr. Speaker:** The Bill stands introduced.

**Shri P. Ramunni Kurup:** I move that the Bill be taken up for consideration.

*Minister for Panchayats and Community Development* (**Shri Ahamed Kurikkal**): I second it.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം ഭൂമികളും ചാർത്തിക്കൊടുക്കുന്ന കാര്യത്തിൽ നിലവിലുള്ള നിയമത്തിന്റെ സ്വഭാവത്തിൽ വച്ചു അംഗീകരിച്ചതുകൊണ്ടു് പല പ്രശ്നങ്ങളും കോടതിയിൽ ചോദ്യംചെയ്തു നിൽക്കുകയാണു്. അതിനു കാരണമായി പറഞ്ഞിട്ടുള്ളതു് ഏതെങ്കിലും സ്വത്തിന്റെ ഒരു ഭാഗം ചാർത്തിക്കൊടുക്കുന്നതിനുമുമ്പു് പത്രത്തിൽ പരസ്യപ്പെടുത്തിക്കൊണ്ടു് പരസ്യമായി ലേലംചെയ്തു കൂടുതൽ ആദായം തരുന്ന ആളുകൾക്കു കൊടുക്കേണ്ട ഒരു ഉപാധി അംഗീകരിക്കണമെന്നാണു്. ആ സ്ഥിതിക്കു് മലബാറിലെ നിരവധി ദേവസ്വങ്ങളുടെ സ്വത്തുക്കൾ ചാർത്തിക്കൊടുക്കുകയും, ചാർത്തു ഗവണ്മെന്റു അംഗീകരിക്കുകയും, ചിലതു ചാർത്തികൊടുക്കാൻ ചോദിച്ച അനുവാദം ഗവണ്മെന്റു അംഗീകരിക്കുകയും, ചിലതു കൈവശം വിട്ടുകൊടുത്തുകൊണ്ടു് അംഗീകരിക്കാതിരിക്കുകയും ചെയ്യുന്ന ഒരു നിലപാടാണു് ഇന്നുള്ളതു്. ദേവസ്വങ്ങളുടെ സ്വത്തിനെ സംബന്ധിച്ചിടത്തോളം നിർദ്ദിഷ്ടമായ അധികാരം ഗവണ്മെന്റിന്റെ കൈയിലില്ല. ദേവസ്വം സ്വത്തുക്കൾ ഗവണ്മെന്റിന്റെ കൈവശംകൊണ്ടുവരാൻ ചില മാർഗ്ഗങ്ങളൊക്കെ ആരാഞ്ഞുനോക്കി

LIBRARY ARCHIVES Kerala Legislative Assembly